**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4045** **20.03.2018 ൽ മറുപടിയ്ക്ക്**

## പഴവർഗ്ഗങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിന് പ്രോത്സാഹനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.അബ്ദുൽ ഹമീദ്. പി**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) കേരളത്തിൽ കൃഷി ചെയ്യാവുന്ന പഴവർഗ്ഗങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; | എ) കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായതും കൃഷി ചെയ്യാവുന്നതുമായ പഴവർഗ്ഗങ്ങൾ വാഴ, കൈതച്ചക്ക, മാങ്ങ, ടിഷ്യൂക്കൾച്ചർ വാഴ, സ്ട്രോബറി, പപ്പായ, ചക്ക, പേര, ലിച്ചി, മാതളം, ആപ്പിൾ, നാരകം, ഓറഞ്ച്, പാഷൻ ഫ്രൂട്ട്, മാംഗൊസ്റ്റിൻ, അവക്കാഡോ മുതലായവ ആണ്. |
| ബി) ഇവയെ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള പ്രചാരണങ്ങളോ പ്രോത്സാഹനങ്ങളോ കർഷകർക്ക് നൽകുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;<br><br>സി) കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ പഴവർഗ്ഗങ്ങളെ വികസിപ്പിച്ചെടുത്ത് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) & സി) 2017-18 ൽ സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോൺ എന്ന പദ്ധതിയിൽ തൃശ്ശൂർ ജില്ലയിൽ വാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 22 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വാഴകൃഷിയുടെ വിസ്തൃതി , വിളവ് എന്നിവ വർദ്ധിപ്പിക്കുക, വർഷം മുഴുവൻ വാഴപ്പഴ ലഭ്യത ഉറപ്പുവരുത്തുക, ഗുണമേന്മയുള്ള ടിഷ്യുകൾച്ചർ വാഴതൈകളുടെ ലഭ്യത ഉറപ്പ് വരുത്തുക എന്നിവയാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. 2017-18 ൽ അടിസ്ഥാന സൗകര്യ വികസനവും ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗും ആണ് ലക്ഷ്യമിടുന്നത്. പാക്ക് ഹൗസ് നിർമ്മാണത്തിന് 7 ലക്ഷം രൂപ ചങ്ങാലിക്കോടൻ (കാഴ്ചക്കുല) വാഴകൃഷിയ്ക്ക് – 15 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br>വാഴയ്ക്ക് താങ്ങ് നൽകുക, കുല പൊതിയുക, ഡെമോൺട്രേഷൻ പ്ലോട്ടുകൾ വികസിപ്പിക്കുക, പരിശീലനങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, ഡോക്യുമെന്റേഷൻ, ഭൗമസൂചിക നിലവാരം ലഭിച്ചത് ഉപയോഗപ്പെടുത്തി വിപണനം വർദ്ധിപ്പിക്കുക എന്നിവയാണ് |

ലക്ഷ്യമിടുന്നത്.

ഗുണമേന്മയുള്ള ടിഷ്യൂക്കൾച്ചർ വാഴത്തൈകൾ കഴക്കൂട്ടം, ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറിക്കൾച്ചർ സെന്റർ (ബി.എം.എഫ്.സി.) ജില്ലാ ഫാം അഞ്ചൽ, ജില്ലാ ഫാം തളിപ്പറമ്പ് വി.എഫ്.പി.സി.കെ. എന്നിവിടങ്ങളിൽ ഉല്പാദിപ്പിച്ച് മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ വഴി പഴവർഗ്ഗങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള പ്രചാരണം നൽകുന്നതിനായി ജില്ല/ സംസ്ഥാന/ ദേശീയ/ അന്തർദേശീയ സെമിനാറുകൾ/ വർക്ക്ഷോപ്പുകൾ/ മേളകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ, പഴവർഗ്ഗങ്ങളുടെ വിളവിസ്തൃതി വ്യാപനത്തിന് ധനസഹായം നൽകുന്നുണ്ട്

കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ പഴവർഗ്ഗങ്ങളെ വികസിപ്പിച്ചെടുക്കുന്നതിനായി കൃഷിവകുപ്പും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയും കേരള കാർഷിക സർവ്വകലാശാലയും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും ഒരുമിച്ച് കൊണ്ട് വയനാട് ആസ്ഥാനമാക്കി വിവിധ പഴ വർഗ്ഗങ്ങൾ (റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, പപ്പായ, ലിച്ചി സ്ട്രോബറി, മാംഗോസ്റ്റീൻ) വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിച്ചെടുത്ത് കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. ഇതിനായി വയനാട് ജില്ലയിലെ 10 പഞ്ചായത്തുകളും തെരഞ്ഞെടുത്തിട്ടുണ്ട്.

APEDA യുടെ സഹായത്തോടെ ഒരു പായ്ക്ക് ഹൗസ് വയനാട് ജില്ലയിൽ പൂർത്തിയായിട്ടുണ്ട്. തൃശ്ശൂരിൽ നിർമ്മാണം പുരോഗമിക്കുന്നു. കയറ്റുമതിയ്ക്കായി പഴവർഗ്ഗങ്ങളും പച്ചക്കറിയും പായ്ക്ക് ചെയ്യുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും പായ്ക്ക് ഹൗസ് പ്രയോജനപ്പെടും.

സെക്ഷൻ ഓഫീസർ